**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4102** **18-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ കിഫ്‌ബി ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കിഫ്‌ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം അതത് എസ്.പി.വി കൾക്കും ഭരണവകുപ്പുകൾക്കും ആണ്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികൾക്കും ഗുണനിലവാര പരിശോധനകൾക്കുള്ള സംവിധാനം എസ്.പി.വി കൾക്ക് ഉണ്ടാകണം എന്ന് കിഫ്‌ബി നിഷ്കർഷിക്കുന്നുണ്ട്. അതിൻ പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ ടീം CPWD/ PWD/ IS Code/ Specification അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പരിശോധനകളും നടത്തേണ്ടതാണ്.<br><br>1999 ലെയും 2016 ലെയും കിഫ് ആക്ട് പ്രകാരം ആണ് കിഫ്‌ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കിഫ്‌ബി ആക്ട് പ്രകാരം സംസ്ഥാനത്തുള്ള കിഫ്‌ബി പദ്ധതികൾ പരിശോധിക്കുന്നതിനായി ഒരു ഇൻസ്‌പെക്ഷൻ വിഭാഗം ഉണ്ടാകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. അതു പ്രകാരം കിഫ്‌ബി പദ്ധതികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനായി ടെക്നിക്കൽ ഇൻസ്‌പെക്ഷൻ വിഭാഗം കിഫ്‌ബിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്‌ബി ഇൻസ്‌പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. അപാകതകൾ കണ്ടെത്തുന്ന പക്ഷം തിരുത്തൽ നടപടികൾക്കായി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും എസ്.പി.വി യ്ക്ക് നൽകാറുണ്ട്. ഭരണ വകുപ്പും എസ്.പി.വി യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവർത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ്.പി.വി യും ബാധ്യസ്ഥരുമാണ്. എസ്.പി.വി യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സെർവഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ചു എന്ന് എസ്.പി.വി ഉറപ്പു നൽകിയ ശേഷം മാത്രമേ നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി അനുവാദം നൽകാറുള്ളൂ. |
| (ബി) | കിഫ്ബി ആക്ട് പ്രകാരം ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ 6 മാസക്കാലയളവിൽ കണക്കുകൾ പരിശോധിച്ച് വിലയിരുത്തി ഫിഡിലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണമെന്ന വ്യവസ്ഥ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | **കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ കിഫ്ബിയുടെ കണക്കുകൾ പരിശോധിച്ച് വിലയിരുത്തി ഫിഡിലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നുണ്ട്. 2022 മെയ് 31 കാലയളവുവരെയുള്ള ഫിഡലിറ്റി സർട്ടിഫികറ്റുകൾക്ക് ഫണ്ട് ട്രസ്റ്റീ ആന്റ് അഡ്വൈസറി കമ്മീഷൻ ഇതിനോടകം അംഗീകാരം നൽകിയിട്ടുണ്ട്.** |
| (സി) | എല്ലാ വകുപ്പുകളിലും ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തുന്നതുപോലെ കിഫ്ബിയിലും പരിശോധന നടത്തുവാൻ സർക്കാർ അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ? | (സി) | 1999 ലെയും 2016 ലെയും കിഫ് ആക്ട് പ്രകാരം ആണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കിഫ്ബി ആക്ട് പ്രകാരം സംസ്ഥാനത്തുള്ള കിഫ്ബി പദ്ധതികളുടെ പരിശോധിക്കുന്നതിനായി ഒരു ഇൻസ്പെക്ഷൻ വിഭാഗം ഉണ്ടാകണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. അതു പ്രകാരം കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കേണ്ടത് കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ചുമതലയാണ് എന്നിരുന്നാലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് സർക്കാർ കിഫ്ബി മുഖേന ഫണ്ട് ചെയ്യുന്ന പദ്ധതികളിൽ പരിശോധന നടത്തുന്നതിന് തടസ്സമൊന്നുമില്ല. |

സെക്ഷൻ ഓഫീസർ